# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 522 | 06.07.2012-ൽ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. എൻ. ഷംസുദ്ദീൻ

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | എ | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി പ്രസിഡന്റും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എക്സ് ഒഫീഷ്യോ സെക്രട്ടറിയുമായി പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യുക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഓരോ ജില്ലയിലേക്കും സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി കളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും എം.എൽ.എ., ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഡി.ഡി.ഇ, ഡി.എം.ഒ, സീനിയർ സൂപ്രണ്ട്, എം.ആർ.എസ് സ്റ്റാഫ് പ്രതിനിധി, രക്ഷകർതൃ പ്രതിനിധി എന്നിവർ അംഗങ്ങളായും ഉള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും എം.ആർ.എസ്സുകൾ പ്രവർത്തിക്കുന്ന നിയോജക മണ്ഡലത്തിലെ എം.എൽ.എ ചെയർമാനായുള്ള ഉപദേശക സമിതിയും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കമ്മിറ്റികളും പട്ടികജാതി പട്ടികവർഗ്ഗ |

(...2)

| | | | |
|---|---|---|---|
| | | | റസിഡൻഷ്യൽ എജ്യൂക്കേഷൻ സൊസൈറ്റി യുടെ സംസ്ഥാന തലത്തിൽ ചേരുന്ന ഗവേണിംഗ് ബോഡിയും സ്കൂളുകളുടെ പ്രവർത്തന നിലവാരം വിലയിരുത്താറുണ്ട്. ഇത്തരത്തിൽ വിവിധ തലങ്ങളിലുള്ള കമ്മിറ്റി കളുടെ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ശുപാർശകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തന ത്തിന് സഹായിക്കുന്നുണ്ട്. |
| ബി | മോഡൽ റസിഡൻഷ്യൽ സ്കൂളു കളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാ ക്കുമോ; | ബി | നിർദ്ധനരും സമർത്ഥരുമായ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ്സ് മുതൽ താമസ സൗകര്യത്തോടുകൂടി മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്. 6 മലയാളം മീഡിയവും 2 ഇംഗ്ലീഷ് മീഡിയവും ഒരു തമിഴ് മീഡിയവും (ഇടുക്കി) ആയി ആകെ 9 എം.ആർ.എസ് കൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. |
| സി | പ്രസ്തുത സ്കൂളുകളിൽ പ്രവേശ നം ലഭിക്കുന്നതിനുള്ള മാനദണ്ഡ മെന്താണെന്ന് വ്യക്ത മാക്കുമോ; | സി | നാലാം ക്ലാസ് പാസ്സായ വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ 5-ാം ക്ലാസ് പ്രവേശ നത്തിനായി തെരഞ്ഞെടുക്കുന്നു. രക്ഷിതാ ക്കളുടെ വാർഷിക വരുമാന പരിധി - 1,00,000/- രൂപയാണ്. ജാതി, വരുമാനം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ്, നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| ഡി | എല്ലാ സകൂളുകളിലായി ആകെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കുന്നതെന്ന് അറിയിക്കുമോ ? | ഡി | എം.ആർ. എസ്സു കളിലെ അനുവദനീയമായ കുട്ടികളുടെ എണ്ണം എം.ആർ.എസ് തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. പുന്നപ്ര, ആലപ്പുഴ - 280<br>2. പീരുമേട്, ഇടുക്കി - 120<br>3. കീഴ്മാട്, എറണാകുളം - 250<br>4. തിരുവില്ല്വാമല, തൃശ്ശൂർ - 165<br>5. ചേലക്കര, തൃശ്ശൂർ - 35<br>6. കുഴൽമന്ദം, പാലക്കാട് - 35<br>7. തൃത്താല, പാലക്കാട് - 210<br>8. ഉള്ളേര്യരി, കോഴിക്കോട് - 210<br>9. നടക്കാവ്, കാസർഗോഡ് - 210<br>----------<br>ആകെ - 1515 |

Salini K J

സെക്ഷൻ ഓഫീസർ